LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ലയിലെ താൽക്കാലിക വനം വാച്ചർമാരുടെ വേതനകുടിശ്ശിക

121 [1255] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ താൽക്കാലിക വനം വാച്ചർമാർക്ക് വേതനം കൃത്യമായി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇവർക്ക് എത്ര മാസത്തെ വേതനമാണ് കുടിശ്ശികയുള്ളതെന്നും ഈ തുക വിതരണം ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്നതെന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

(ഡി) കുടിശ്ശിക തുക അടിയന്തിരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. ടി. കെ. രാധാകൃഷ്ണൻ എന്നൊരാൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വേതനക്കുടിശ്ശികയുണ്ടെന്ന് സൂചിപ്പിച്ച് ഒരു പരാതി നൽകിയിട്ടുണ്ട്.

(സി) 3 മാസത്തെ വേതനമാണ് കുടിശ്ശികയുള്ളത്. ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭ്യമാകാത്തതാണ് കാലതാമസത്തിന് കാരണം.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

വനംവകുപ്പിന്റെ നിയന്ത്രണത്തിൽ ഫോറസ്റ്റ് സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്

122 [1256] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനംവകുപ്പിന്റെ നിയന്ത്രണത്തിൽ ഫോറസ്റ്റ് സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് പ്രവർത്തിക്കുന്നത് എവിടെയാണ്;

(ബി) ഈ ഓഫീസ് ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും പുതിയ സ്ഥലത്തേക്ക് മാറ്റുന്നതിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഈ ആഫീസ് പുതിയ സ്ഥലത്തേയ്ക്ക് മാറ്റുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ തിരുവനന്തപുരത്താണ്.

(ബി) ഉണ്ട്. സർവ്വേ ജോലികളുടെ ഭൂരിഭാഗവും ഉത്തരകേരളത്തിലെ നിക്ഷിപ്ത വനപ്രദേശങ്ങളിലായതിനാൽ ഭരണകാര്യക്ഷമത കണക്കിലെടുത്താണ് ഓഫീസ് ആസ്ഥാനം മാറ്റുന്നത്.